KOTTAPURAM
DIOCESAN GAZATTE
കോട്ടപ്പുറം രൂപത ഗസറ്റ്

| Vol. XIII | March 20, 2020 | No. 43 |
|---|---|---|

# CIRCULAR - 40

യേശുവിൽ പ്രിയവൈദികരേ, സന്യാസസഹോദരന്മാരേ സഹോദരിമാരേ, വത്സല സഹോദരരെ,

കോവിഡ് 19ന്റെ അടുത്ത ഘട്ടം സമൂഹവ്യാപനം എന്ന ICMR (Indian Council of Medical Research) ന്റെ നിരീക്ഷണവും അടുത്ത രണ്ടാഴ്ചക്കാലം കടുത്ത ജാഗ്രത വേണമെന്ന സംസ്ഥാന സർക്കാരിന്റെ മുന്നറിയിപ്പും കണക്കിലെടുത്ത് നമ്മുടെ രൂപതയിൽ പാലിക്കപ്പെടേണ്ട നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

1. നാളെ മുതൽ അടുത്ത ഒരറിയിപ്പുണ്ടാകുന്നതുവരെ വൈദികർ ഞായറാഴ്ചയടക്കം ജനസാന്നിധ്യമില്ലാതെ ദിവ്യബലി അർപ്പിക്കേണ്ടതാണ്.
2. കാനൻ നിയമം 1248 പ്രകാരമുള്ള ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുക്കണമെന്നുള്ള കൽപന (Sunday Obligation) മെത്രാന്റെ പ്രത്യേക കൽപന പ്രകാരം ഒഴിവാക്കിയിരിക്കുന്നു.
3. വ്യക്തിഗത കുമ്പസാരങ്ങൾ ഒഴിവാക്കേണ്ടതാണ്.

4. ഈ ദിവസങ്ങളിൽ ദൈവാലയത്തിൽ നടത്തപ്പെടുന്ന പൊതുവായ എല്ലാ തിരുക്കർമ്മങ്ങളും ഒഴിവാക്കേണ്ടതാണ്.

5. മാർച്ച് മാസം 27 വെള്ളിയാഴ്ച കെ.സി.ബി.സി. നിർദ്ദേശ പ്രകാരം എല്ലാവരും തന്നെ ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

വിശുദ്ധവാര തിരുക്കർമ്മങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാവരും ഈ ദിവസങ്ങളിൽ ഭവനങ്ങളിൽ ജപമാല ചൊല്ലി പ്രത്യേകം കൊറോണ വൈറസിന്റെ വ്യാപനത്തിനെതിരെ ദൈവിക സംരക്ഷണത്തിനായി പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുന്നു. ആതുര ശുശ്രൂഷ രംഗത്ത് സേവനം ചെയ്യുന്ന എല്ലാവർക്കും വേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**† ജോസഫ് കാരിക്കശ്ശേരി**

**(കോട്ടപ്പുറം രൂപത മെത്രാൻ)**

കോട്ടപ്പുറം
20.03.2020

Printed and Published by Fr. Benny Vazhakkoottathil, Chancellor
Image Offset Press (KIDS), Kottapuram